**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ,<br>ശ്രീ.സി .കെ .ശശീന്ദ്രൻ,<br>ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ . കെ . ബാബു** | | **Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കൃഷിമേഖല ശാക്തീകരിക്കുന്നതിന്, വിശേഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കൃഷിമേഖല ശാക്തീകരിക്കുന്നതിനും വിശേഷിച്ചു ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും വിവിധ പദ്ധതികളാണ് നടപ്പിലാക്കിയത്. നെൽകൃഷി വികസനം, പ്രാദേശിക വിളകളുടെ വികസനം എന്നീ പദ്ധതികളിലുൾപ്പെടുത്തി നെല്ല്, ചെറുധാന്യങ്ങൾ എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിനും ഉല്പാദനം വർധിപ്പിക്കുന്നതിനും കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ 2.20449 ലക്ഷം ഹെക്ടർ സ്ഥലത്തു നെൽകൃഷി വ്യാപിപ്പിച്ചു ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടം നടത്തി. 2018 ലും 2019 ലും ഉണ്ടായ പ്രളയവും വെള്ളപ്പൊക്കവും കാരണം പതിനായിരക്കണക്കിന് ഹെക്ടർ നെൽകൃഷി നശിച്ചിട്ടും 2.3 ലക്ഷം ഹെക്ടറിൽ നെൽകൃഷി നിലനിർത്തുവാനും ശാസ്ത്രീയ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനും സാധിച്ചു. നെൽകർഷകർക്ക് ഉല്പാദനോപാധികൾക്കുള്ള ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി, നെല്ല് വികസന ഏജൻസികളുടെ പ്രവർത്തനം, കരനെൽകൃഷി, തരിശുനില കൃഷി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാരിസ്ഥിതിക സംരക്ഷണത്തിൽ നെൽവയലുകൾ വഹിച്ച പങ്ക് കണക്കിലെടുത്ത്, പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് ഈ മേഖലകളിൽ അധ്വാനിക്കുന്ന കർഷകർക്ക് ഒരു ബഹുമതിയായി, കൃഷിചെയ്യാവുന്ന നെൽവയലുകളുടെ ഉടമകൾക്ക് 'റോയൽറ്റി'യായി ഹെക്ടറിന് 2000/- രൂപ നിരക്കിൽ ധനസഹായം കൃഷി വകുപ്പിലൂടെ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ ഗുണമേന്മയുള്ള വിത്തുകൾക്കും, ഭൂമി ഒരുക്കൽ, ജലസേചനം തുടങ്ങിയ മറ്റ് ചെലവുകൾക്കുമാണ് സഹായം നൽകുന്നത്. പട്ടികവർഗ്ഗ സമൂഹത്തിന് ആഹാരവും പോഷക സുരക്ഷയും ഉറപ്പാക്കുന്നതിനായി അവരുടെ ഭൂമിയിൽ വിള ഉല്പാദന പരിപാടികൾ പ്രോത്സാഹിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ട്രൈബൽ മേഖലയിൽ നടപ്പിലാക്കി വരുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതി വൻ വിജയമായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ തായന്നംകുടി പ്രദേശത്തും ചെറുധാന്യങ്ങളുടെ കൃഷിക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകിവരുന്നു. ശാസ്ത്രീയ അടിത്തറയുള്ള പരമ്പരാഗത ഇനങ്ങളും കൃഷിരീതികളും സംരക്ഷിക്കുന്നതിനും ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നു. 'ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ സംസ്ഥാനത്തു പച്ചക്കറി കൃഷിയിൽ പുത്തൻ ഉണർവും കാർഷിക മേഖലയ്ക്ക് മികച്ച പിന്തുണയും നൽകി. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പച്ചക്കറിക്കൃഷിയുടെ വിസ്തീർണ്ണം 52829.99 ഹെക്ടറിൽ നിന്നും 96313.17 ഹെക്ടറായും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 14.93 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു. |
| (ബി) | സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും വർദ്ധിപ്പിക്കാനായിട്ടുണ്ടോ; കൃഷിയിറക്കാതെ തരിശായിട്ടിരിക്കുന്ന വയലുകളിൽ കൃഷിയിറക്കുന്നതിന് ചെയ്ത കാര്യങ്ങളുടെ ഫലപ്രാപ്തി അറിയിക്കാമോ; | (ബി) | 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 230941 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. നെൽ ഉത്പാദനം 823913 ടണ്ണിൽ നിന്നും 991500ടൺ വരെ ഉയർത്തുവാനും സാധിച്ചു. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. വർഷം വിസ്തൃതി (ഹെക്ടർ) നെൽ ഉത്പാദനം (ടൺ) 2016-17 171398 654725 2017-18 220449 781965 2018-19 202985 991500 2019-20 230941 908312 തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന നടപടി തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകി വരുന്നു. ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- |

| | | | |
|---|---|---|---|
| | | | രൂപയും ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 40,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം തരിശ് നെൽകൃഷി പദ്ധതി നടപ്പിലാക്കിയതിന്റെ വിസ്തൃതി ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരമാണ് . വർഷം വിസ്തൃതി (ഏക്കർ ) 2016-17 6872.4 2017-18 13550 2018-19 9060 2019-20 7380.23 2020-21 12500 ഏക്കറിൽ നടപ്പിലാക്കി വരുന്നു |
| (സി) | രാജ്യത്ത് ആദ്യമായി നെൽകൃഷിക്ക് റോയൽറ്റി നൽകാൻ ആരംഭിച്ചിട്ടുണ്ടോ; കർഷകർക്ക് ന്യായമായ താങ്ങുവിലയും കാര്യക്ഷമായ നെല്ലുസംഭരണവും ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 40 കോടി രൂപ ഇതിനായി നീക്കി വെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതു വരെ 109783 കർഷകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അതിൽ 52565 കർഷകർക്കായി 458.56878 ലക്ഷം രൂപ വിതരണം ചെയ്തു. കർഷകർക്ക് ന്യായമായ താങ്ങുവിലയും കാര്യക്ഷമമായ നെല്ലുസംഭരണവും ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കിലോയ്ക്ക് 27 രൂപ 48 പൈസ നൽകികൊണ്ട് സപ്ലൈകോ നെല്ലുസംഭരണം നടത്തിവരുന്നു. 2019-20 വർഷത്തിൽ 7.01 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകന് ന്യായമായ വില ലഭിക്കുന്നതിനും സുതാര്യമായ രീതിയിൽ സംഭരണം നടത്തുന്നതിനും സപ്ലൈകോ നടപടികൾ സ്വീകരിച്ചു വരുന്നു. നെല്ല് സംഭരിച്ചതിനുശേഷം കർഷകന് നൽകുന്ന PRS നെ അടിസ്ഥാനമാക്കി ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നു. ഇത് കാരണം കർഷകന് അർഹതപ്പെട്ട തുക ലഭിക്കുന്നതിന് കാലതാമസം ഒഴിവാകുന്നു. |

സെക്ഷൻ ഓഫീസർ